**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **10-08-2023 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ വസിക്കുന്ന പൂർണ്ണ സുരക്ഷിതത്വവും മതിയായ സൗകര്യവുമില്ലാത്ത വീടുകൾ നവീകരിക്കുന്നതിനായി സേഫ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് 2022-23 സാമ്പത്തിക വർഷം മുതൽ SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>2010 ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതും, കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ, ഭവന പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിക്കാത്തതുമായ ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാരെയും, 2.50 ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികവർഗ്ഗ വിഭാഗക്കാരെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.<br><br>കൂടാതെ, 2006 ഏപ്രിൽ 1നും 2010 ഏപ്രിൽ 1 നുമിടയിൽ നിർമ്മാണം പൂർത്തീകരിച്ചതും, അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയതുമായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളെക്കൂടി SAFE പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സേഫ് പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സേഫ് പദ്ധതി പ്രകാരം ഭവന നവീകരണത്തിന് അനുമതി നൽകിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 10112 വീടുകളിൽ 1537 വീടുകളുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 1500 വീടുകളിൽ 166 വീടുകളുടെയും നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ |

| | | | |
|---|---|---|---|
| | | | നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (സി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 1. മേൽക്കൂര പൂർത്തീകരണം<br>2. വാതിലുകളും ജനലുകളും സ്ഥാപിക്കൽ<br>3. അടുക്കള നിർമ്മാണം<br>4. അടുക്കള നവീകരണം, കിച്ചൺ സ്ലാബ്, ഷെൽഫ്, അടുപ്പ് ഉൾപ്പെടെ<br>5. അഡീഷണൽ റൂം നിർമ്മിക്കൽ<br>6. ഫ്ളോറിംഗ്, ടൈൽപാകൽ<br>7. വയറിംഗ്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ (ELCB സഹിതം), ഫാൻ, ലൈറ്റ് സ്ഥാപിക്കൽ<br>8. പ്ലംബിംഗ് പ്രവർത്തികൾ -പ്ലംബിംഗ് ചെയ്ത വീട്ടിനുള്ളിൽ അടുക്കളയിലും ടോയ്‌ലറ്റിലും പൈപ്പ് വഴി വെള്ളം ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കുന്നതിന്.<br>9. ഭിത്തികൾ ബലപ്പെടുത്തൽ<br>10. വീടുകളുടെ ചുവർ തേച്ച് പെയിന്റ് ചെയ്യൽ / മേൽക്കൂര നവീകരണം /ടോപ്പ് പ്ലാസ്റ്ററിങ്ങ്<br>11. ശുചിത്വ ടോയ്‌ലറ്റ് നിർമ്മാണം |
| (ഡി) | വീട് പൂർണ്ണമായും വാസയോഗ്യമാക്കുവാൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടൊന്നിന് നൽകുന്ന ധനസഹായമെത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടൊന്നിന് പരമാവധി 2 ലക്ഷം രൂപാ നിരക്കിലും, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപാ നിരക്കിലും സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ